അനുവദിക്കുന്ന ആളുകൾക്ക് ഇൻക്രിമെന്റും മറ്റാനുകൂല്യങ്ങളും നൽകാറുണ്ട് :

ശ്രീ. ഇ. പത്മരാജൻ : സർ, വിദേശത്തുപോയി ജോലിചെയ്യുന്നതിന് വേണ്ടിയുള്ള ലീവിന് അപേക്ഷിക്കുമ്പോൾ പ്രത്യേക ആവശ്യത്തിനു വേണ്ടി അവിടെ നിന്നും ജോലി അവസാനിപ്പിച്ച് വരുന്ന ആളുകൾക്ക്, കെ.എസ് ആർ. അനുസരിച്ച് 15 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിയാൽ ലീവ് ക്യാൻസൽ ചെയ്ത് ജോയിൻ ചെയ്യാൻ സാധിക്കും. വിദേശത്തു പോകുന്നതിന് ദീർഘകാല ലീവ് സാംഗ്ഷൻ ചെയ്യുന്നത് യഥാർത്ഥത്തിൽ ഗവൺമെന്റാണ്. അതുകൊണ്ട് അവർ 15 ദിവസം മുൻകൂട്ടി നോട്ടീസ് തന്നാൽ നിലവിലുള്ള നിയമപ്രകാരം അവരെ തിരിച്ച് സർവ്വീസിൽ പ്രവേശിപ്പിക്കാനുള്ള സാദ്ധ്യത നടപ്പാക്കാൻ എന്തെങ്കിലും നടപടിയെടുക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, റൂം 72 പാർട്ട് I, കെ.എസ്. ആറിൽ പറയുന്നത് ഇതാണ്.

An Officer on leave may not return to duty before the expiry period of leave granted to him, unless he is permitted to do so by the authority which granted him leave.

ഇതനുസരിച്ചാണ് നടപടിയെടുക്കേണ്ടത്. പക്ഷെ ഇതൊരു പൊതുവായ പ്രശ്നമായിട്ട് ഉയർന്നു വന്നിരിക്കുന്നു. നൈജീരിയയിലും സാമ്പിയായിലും മറ്റു രാജ്യങ്ങളിലുമിരിക്കുന്ന ആളുകൾ അവരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് മടങ്ങി വരുന്നുണ്ട്. അതുകൊണ്ട് അവരെ തിരിയെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നുള്ളത് പൊതുവായ നിർദ്ദേശമായി കണക്കാക്കണം.

(iii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വാമനപുരം പദ്ധതിയുടെ പ്രവർത്തനം

* 342. [401] ഡോ: എ. സുബ്ബറാവു :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം പദ്ധതിയുടെ പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ ഈ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുമോ ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ യും ബി യും) വാമനപുരം ജലസേചനപദ്ധതിക്കുവേണ്ടിഅണക്കെട്ട് നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ള സ്ഥലത്തെ ബോറിഗ്സ്, കനാലുകൾക്കുള്ള സർവേ രൂപകൽപ്പന ഇൻവെസ്റ്റിഗേഷൻ എന്നിങ്ങനെ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇവ ഈ വർഷവും തുടർന്നു

LIBRARY ARCHIVES Kerala Legislative Assembly

നടത്തും. അണക്കെട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അതിനാവശ്യമായ വനഭൂമി ലഭ്യമായതിനുശേഷമേ ഏറ്റെടുക്കാൻ നിർവ്വാഹമുള്ളു. വനഭൂമി ലഭിക്കുന്നതിനു കേന്ദ്രപരിസ്ഥിതി വകുപ്പിന്റേയും വനം വകുപ്പിന്റേയും അംഗീകാരം ലഭിക്കണം.

ബീഡി തൊഴിലാളികൾ

343. [402] ശ്രീമതി മാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുമാരൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള ബീഡിതൊഴിലാളികൾ എത്ര ;

(ബി) ബീഡിതൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ബീഡി തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) സംസ്ഥാനത്ത് ആകെ ഏകദേശം 1,10,300 ബീഡിതൊഴിലാളികളുണ്ട്.

(ബി) കേരള സർക്കാരിന്റെ കീഴിൽ ക്ഷേമപദ്ധതികൾ ഇന്നും നിലവിലില്ല. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ബീഡി തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം ബീഡി തൊഴിലാളികൾക്കു വൈദ്യസഹായം വീട് നിർമ്മാണത്തിനുള്ള സബ്സിഡിയും കുടിവെള്ളവും ബീഡി തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പും നൽകുന്നുണ്ട്.

(സി) ബീഡി തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ട്.

"തൊഴിലാളികളെ ബാധിക്കുന്ന നിയമങ്ങൾ പാലിക്കപ്പെടാത്തതായി പരാതി

* 344. [403] ശ്രീ. സി. പി. മുസ്സാൻകുട്ടി :
,, കെ. രാമൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984 ജനുവരി മുതൽ 1985 ജൂൺ 1 വരെയുള്ള കാലയളവിൽ കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളിൽ ഏതിലെങ്കിലും തൊഴിലാളികളെ ബാധിക്കുന്ന ഏതെങ്കിലും കരാറുകളോ, കീഴ്വഴക്കങ്ങളോ,

LIBRARY ARCHIVES Kerala Legislative Assembly